നടപ്പുവർഷം പ്രഖ്യാപിച്ച പദ്ധതികൾ

106 (452) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ധനം ലഭ്യമാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രഖ്യാപിച്ച പദ്ധതികൾ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി കാരണം ഉപേക്ഷിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

(സി) വിഭവസമാഹരണം ഉറപ്പിക്കാൻ സാധിക്കാത്ത വിധത്തിൽ പദ്ധതി വിഭാവനം ചെയ്തതും ഇതിന് കാരണമായെന്ന് കണക്കാക്കാമോ ;

(ഡി) നടപ്പു വർഷത്തെ നാളിതുവരെയുള്ള പദ്ധതിചെലവ് എത്ര ; ഇതിൽ ഇപ്പോഴും ട്രഷറി അക്കൗണ്ടുകളിൽ കിടക്കുന്നവ എത്രയെന്ന് വിശദമാക്കുമോ ;

(ഇ) കേന്ദ്രാവിഷ്കൃതം ഉൾപ്പെടെ പദ്ധതി അടങ്കലിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) നടപ്പു വർഷം എത്ര കോടിരൂപ വായ്പയെടുത്തു ; റവന്യൂകമ്മി എത്ര കോടിയായി ഉയർന്നു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നുകൊണ്ടും പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവസംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

(ബി) പ്രഖ്യാപിച്ച പദ്ധതികൾ ഉപേക്ഷിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 31-1-.2015 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം 8581 കോടി രൂപ (43%) ചെലവഴിച്ചിട്ടുണ്ട്. ട്രഷറി അക്കൗണ്ടിലുള്ള തുക സംബന്ധിച്ച വിവരങ്ങൾ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി മാത്രമേ വ്യക്തമാകുകയുള്ളൂ.

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച 2733.54 കോടി രൂപയിൽ 31-1-2015 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 1136 കോടി രൂപ (42%) ചെലവഴിച്ചിട്ടുണ്ട്.

(എഫ്) നടപ്പു സാമ്പത്തിക വർഷം 31-12-2014 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം 15841.74 കോടി രൂപ കടമെടുത്തിട്ടുണ്ട്. ഈ കാലയളവിലെ റവന്യൂകമ്മി 8848.27 കോടി രൂപയാണ്.

ഖജനാവിനുണ്ടായ നഷ്ടം പരിഹരിക്കാൻ നടപടി

107 (453) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. എം. ഹംസ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും വരുമാന ചോർച്ച തടയുന്നതിന് എത്രത്തോളം സാദ്ധ്യമാകുന്നുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വിവിധ മേഖലകളിൽ നികുതി വെട്ടിപ്പ് തുടരുന്നതായ വാർത്തകൾ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ ;

(സി) സംസ്ഥാന ഖജനാവിനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നിലവിലെ സംവിധാനങ്ങൾക്ക് വേണ്ടത്ര സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) നികുതി വെട്ടിപ്പും അഴിമതിയും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; വരുമാനം ചോരുന്ന വഴികൾ കണ്ടെത്താനുള്ള നടപടികൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly